# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 4**

---

## എം.ജി സർവകലാശാലയിലെ 12 വിദ്യാർഥികൾക്ക് വിദേശ ഫെലോഷിപ്പ്

എം.ടെക് അവസാന വർഷ ഇൻറേൺഷിപ്പിൻറെ ഭാഗമായി എം.ജി. സർവകലാശാലയിലെ 12 വിദ്യാർഥികൾക്ക് പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ഫെലോഷിപ്പ് ലഭിച്ചു.

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ ആറു വിദ്യാർഥികൾക്ക് അമേരിക്കയിലെ വിഖ്യാതമായ ലൂയിസ് വില്ലെ സർവകലാശാല ഒരു വർഷത്തെ ഗവേഷണത്തിനുള്ള ഫെലോഷിപ്പാണ് നൽകിയിരിക്കുന്നത്. മുഹമ്മദ് ഷാ, കെവിൻ സുനിൽ, ഐശ്വര്യ ടി. സോമൻ, എൽസ ചാക്കോ, എസ്. അമിത, ടി.വി. വൈശാഖ് എന്നിവരാണ് ലൂയിസ് വില്ലെ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുക. ഇവർക്ക് പ്രതിമാസം 1500 ഡോളർ വീതം സ്കോളർഷിപ്പായി ലഭിക്കും.

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എസ്. ഗൗതമിക്ക് ചൈനയിലെ യൂലിൻ നോർമൽ സർവകലാശാലയിലും ഡി.കെ അഭിജിത്തിന് സൗത്ത് ആഫ്രിക്ക സർവകലാശാലയിലും ഫെലോഷിപ്പ് ലഭിച്ചു.

സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിലെ ജെ.എസ്. അശ്വതി, വി. ശ്രീലക്ഷ്മി എന്നിവർ ജർമനിയിലെ പ്രശസ്തമായ എർലാംഗൻ ന്യൂറംബർഗ് സർവകലാശാലയിലും ട്രീസ റെജി, അബിൻ രാജ് എന്നിവർ കാഡയിലെ ക്യൂൻസ് സർവകലാശാലയിലും ഫെലോഷിപ്പോടെ ഗവേഷണം നടത്തും. ഇവർക്ക് പ്രതിമാസം 2500 യൂറോ വീതം സ്കോളർഷിപ്പ് ലഭിക്കും.

ഇതിനു പുറമെ മഹാത്മാ ഗാന്ധി സർവകലാശാല ലൂയിസ് വില്ലെ സർവകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് ധാരാണ പത്രം ഒപ്പുവച്ചു. സംയുക്ത പദ്ധതികൾ, സെമിനാറുകൾ വിദ്യാർഥികൾക്ക് പരിശീലനം, ലാബ് സൗകര്യം പങ്കിടൽ, വിദ്യാർഥികളുടെ കൈമാറ്റം, ഇന്റേൺഷിപ്പുകൾ എന്നിവയ്ക്ക് ഈ സഹകരണം സഹായകമാകും.

**ഫോട്ടോ ക്യാപ്ഷൻ..**

1. എസ്. മുഹമ്മദ് ഷാ 2) കെവിൻ സുനിൽ 3) ഐശ്വര്യ ടി. സോമൻ 4) എൽസ ചാക്കോ 5)എസ്. അമിത 6) ടി.വി. വൈശാഖ് 7) എസ്. ഗൗതമി 8) ഡി.കെ. അഭിജിത് 9) ട്രീസ റെജി 10) അബിൻ രാജ് 11) ജെ.എസ്. അശ്വതി 12) വി. ശ്രീലക്ഷ്മി

(പി.ആർ.ഒ/39/140/2023)

## ഉന്നത വിദ്യാഭ്യാസ സർവേ; കോളജുകൾ വിവരങ്ങൾ അപ് ലോഡ് ചെയ്യണം

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവരശേഖരണത്തിനായി കേന്ദ്ര ഉന്നത വിദ്യാഭ്യാസ മന്ത്രാലയം നടത്തുന്ന സർവേയുടെ(2021-22) ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകൾ ആവശ്യമായ വിവരങ്ങൾ ഫെബ്രുവരി 15 നു മുൻപ് അപ് ലോഡ് ചെയ്യണമെന്ന് നോഡൽ ഓഫീസർ അറിയിച്ചു. www.aishe.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ നൽകേണ്ടത്. സർവേ സംബന്ധിച്ച മാർഗനിർദേങ്ങൾ പോർട്ടലിൽ ലഭ്യമാണ്.

(പി.ആർ.ഒ/39/141/2023)

## സുരക്ഷാ ജീവനക്കാർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ 38 ഒഴിവുകളിൽ താത്ക്കാലിക-ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫബ്രുവരി 21.

(പി.ആർ.ഒ/39/142/2023)

## ഓഫ് കാമ്പസ് യു.ജി, പി.ജി. പരീക്ഷകൾക്ക് അപേക്ഷിക്കാം

എം.ജി. സർവകലാശാലയുടെ ഓഫ് കാമ്പസ് സ്ട്രീമിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ സപ്ലിമെൻററി, മെഴ്സി ചാൻസ് പരീക്ഷകൾക്ക് ഫെബ്രുവരി 23 വരെ അപേക്ഷ നൽകാം. ഫൈനോടു കൂടി ഫെബ്രുവരി 24 നും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി 25 നും അപേക്ഷ സ്വീകരിക്കും.

മെഴ്സി ചാൻസ് പരീക്ഷ എഴുതുന്നവർ പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം സ്പെഷ്യൽ ഫീസും അടയ്ക്കണം.

കോഴ്സ് പൂർത്തിയാക്കിയവർ സർവകലാശാല ഇ-പെയ്മെൻറ് സംവിധാനത്തിലൂടെ ഫീസ് അടച്ച ശേഷം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷ അസിസ്റ്റൻറ് രജിസ്ട്രാർ 14 (പരീക്ഷ)ക്ക് നേരിട്ട് സമർപ്പിക്കണം.

ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ/39/143/2023)

## പരീക്ഷാ ഫലം

എട്ടാം സെമസ്റ്റർ പഞ്ച വത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2016 അഡ്മിഷൻ സപ്ലിമെന്ററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 20 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/144/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**